**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - **2017-2018** വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചുനൽകുന്നതിനുള്ള മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾക്ക് (പ്രോ.നം **202/18**, പ്രോ.നം **203/18**) പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2938/2018/തസ്വഭവ തിരുവനന്തപുരം, തീയതി 17.11.2018

---

പരാമർശം :- 1) മാറഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.03.2018 ലെ A2/123/18 നമ്പർ കത്ത്

2) 21.03.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 4.87

**<u>ഉത്തരവ്</u>**

മാറഞ്ചേരി ഗ്രാമപഞ്ചായത്ത് മാലിന്യ സംസ്കരണ പദ്ധതികളുടെ ഭാഗമായി പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് 11 സ്കൂളുകൾക്ക് 2m$^3$ ന്റെ ബയോഗ്യാസ് പ്ലാന്റും 2 സ്കൂളുകൾക്ക് എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റും സ്ഥാപിച്ചു നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരുന്നു. ഐ.ആർ.ടി.സി പാലക്കാട് സമർപ്പിച്ച എസ്റ്റിമേറ്റ് അനുസരിച്ച് ബയോഗ്യാസ് പ്ലാന്റ് യൂണിറ്റ് ഒന്നിന് 30000/- രൂപയും എയ്റോബിക് പ്ലാന്റ് യൂണിറ്റ് ഒന്നിന് 15000/- രൂപയും എന്ന നിരക്ക് അംഗീകരിച്ചാണ് പദ്ധതി തയ്യാറാക്കിയിരുന്നത്. ഈ നിരക്ക് ശുചിത്വ മിഷന്റെ നിരക്കിൽ നിന്നും വ്യത്യസ്തമാണ് എങ്കിലും ഗുണമേന്മ ഉറപ്പാക്കിക്കൊണ്ട് ഐ.ആർ.ടി.സി മുഖേന പദ്ധതി നടപ്പിക്കാൻ കഴിയും എന്നതിനാലാണ് ഐ.ആർ.ടി.സി യുമായി കരാറിൽ ഏർപ്പെട്ട്കൊണ്ട് പദ്ധതി നടപ്പിലാക്കുവാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളത് എന്നും മേൽ സാഹചര്യത്തിൽ പദ്ധതി നടത്തിപ്പിന് അനുമതി നൽകണമെന്നും മാറഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം 1 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് മാറഞ്ചേരി ഗ്രാമപഞ്ചായത്ത് മാലിന്യ സംസ്കരണ പദ്ധതികളുടെ ഭാഗമായി പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് 11 സ്കൂളുകൾക്ക് 2m$^3$ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റും 2 സ്കൂളുകൾക്ക് എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റും താഴെ പറയുന്ന യൂണിറ്റ് നിരക്കു പ്രകാരം സ്ഥാപിച്ചു നൽകുന്നതിന് പരാമർശം 2 ന്റെ അടിസ്ഥാനത്തിൽ പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. .

1) പ്രോ.നം. 202/18 - വിവിധ സ്കൂളുകളിലേക്ക് ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ (11 സ്കൂളുകളിലേക്ക് **30,000/- രൂപ നിരക്കിൽ**) - **3,30,000/- രൂപ.**

2) പ്രോ.നം 203/18 - വിവിധ സ്കൂളുകളിലേക്ക് എയ്റോബിക് പ്ലാന്റ് സ്ഥാപിക്കൽ ( 2 സ്കൂളുകളിലേക്ക് **15,000/- രൂപ നിരക്കിൽ**) - **30,000/- രൂപ.**

3. ടി പദ്ധതികൾക്ക് ശുചിത്വ മിഷന്റെ സാങ്കേതിക അനുമതി വാങ്ങേണ്ടതാണ് എന്നും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**മിനിമോൾ ഡി**
**ഡെപ്യൂട്ടി സെക്രട്ടറി**

പ്രസിഡന്റ് / സെക്രട്ടറി. മാറഞ്ചേരി ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ